മലങ്കര സുറിയാനി കത്തോലിക്കാ സഭ

# ദൈവവിളി ദിനം 2020

## ദൈവവിളിയ്ക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാന്റെ സന്ദേശം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോർ എപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

"വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ. 9:37–38).

മലങ്കര സുറിയാനി കത്തോലിക്കാ സഭ ദൈവവിളി പ്രാർത്ഥന ദിനമായി ഈ വർഷം ആചരിക്കുന്നത് 2020 മെയ് 31-ാം തീയതിയാണ്. പരിശുദ്ധ സഭയുടെ ഔപചാരികമായ ഉദ്ഘാടന ദിനമായ പെന്തിക്കോസ്തി തിരുനാളിൽ തന്നെയാണ് ഈ ദൈവവിളി പ്രാർത്ഥാദിനം നാം സവിശേഷമായി ആചരിക്കുന്നത്. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം പരിശുദ്ധ ദൈവമാതാവിന്റെ നേതൃത്വത്തിൽ സെഹിയോൻ മാളികയിൽ പ്രാർത്ഥനാനിരതരായി കഴിഞ്ഞ വി. ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് അഗ്നിനാളമായി പറന്നിറങ്ങി, അവരെ സുവിശേഷപ്രഘോഷകരും വിശ്വാസസാക്ഷികളുമായി സ്ഥിരീകരിച്ച ദിനമാണല്ലോ പെന്തിക്കോസ്തി തിരുനാൾ. പരിശുദ്ധ ശ്ലീഹന്മാരെപ്പോലെ കർത്താവിന്റെ വിശ്വസ്ത സാക്ഷികളും സുവിശേഷപ്രഘോഷകരുമായി സഭയെ പണിതുയർത്തുവാനുള്ള ആഹ്വാനവും നിയോഗവുമാണ് മാമോദീസാ സ്വീകരിച്ച ഓരോ ക്രൈസ്തവ വിശ്വാസിക്കും ഉള്ളത്. ഈ ദൗത്യത്തിനായി സഭാമക്കളെ, വിശിഷ്യാ നമ്മുടെ കൊച്ചുമക്കളെ ആഹ്വാനം ചെയ്യുക എന്നതാണ് ഈ ദിനാചരണത്തിന്റെ പ്രത്യേക ലക്ഷ്യം.

വളരെ പ്രത്യേകമായ ഒരു സാഹചര്യത്തിലാണ് നാം ഈ വർഷത്തെ ദൈവവിളിദിനം ആചരിക്കുന്നത്. Covid 19 എന്ന മഹാമാരി ലോകത്തെ മുഴുവൻ ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്. ലക്ഷകണക്കിനാളുകൾ രോഗംമൂലം കഷ്ടപ്പെടുന്നു. മരണസംഖ്യ ലക്ഷങ്ങൾ കടന്നു. ലോകരാഷ്ട്രങ്ങൾ ഈ ദുരന്തമുഖത്ത് നോക്കി നിർനിമേഷരായി നിൽക്കുന്നു. സാമ്പത്തികവും, സാമൂഹികവും, സാംസ്ക്കാരികവും, വ്യക്തിപരവുമായ നഷ്ടങ്ങൾക്കുമുമ്പിൽ വിറങ്ങലിച്ചു നിൽക്കുമ്പോഴും സ്നേഹവും കരുതലും ഇത്രമാത്രം ശക്തമാകുന്ന വിശാലമായ മറ്റൊരു സന്ദർഭം നമുക്ക് കാണാനായിട്ടില്ല എന്നു തന്നെ പറയാം. ഒരു സന്ദർഭം പ്രത്യേകം ഓർക്കുന്നു. ഒരു യുവാവിന്റെ ജീവൻ നിലനിർത്താൻ കോവിഡ് 19 ബാധിതനായ 72 കാരനായ ഇറ്റാലിയൻ വൈദികൻ തന്റെ ജീവൻ നിലനിർത്താൻ ഉപയോഗിച്ചിരുന്ന വെന്റിലേറ്റർ നൽകി മരണം വരിച്ചു എന്ന വാർത്ത, സാമൂഹിക മാദ്ധ്യമങ്ങളിലൂടെ പ്രചരിച്ചത് അനേകം പേർ ശ്രദ്ധിച്ചു. ഫാദർ ജൂസെപ്പെ ബെരാൻ ഡെല്ലിയാണ് യുവാവായ കോവിഡ് രോഗിക്കു വേണ്ടി തന്റെ ജീവൻ നിലനിർത്താൻ ഉപയോഗിച്ചിരുന്ന വെന്റിലേറ്റർ സമ്മാനിച്ച് ധീരമായ മാതൃക നൽകിയത്. വടക്കൻ ഇറ്റാലിയൻ പ്രവിശ്യയിലെ ബർഗാ ഇടവകയുടെ വികാരിയായിരുന്നു ഫാദർ ജൂസെപ്പെ. ഇക്കഴിഞ്ഞ മാർച്ച് മാസം 15-ാം തീയതിയായിരുന്നു വീരോചിതമായ ഈ സംഭവം. അതുപോലെ നമ്മുടെ സന്ന്യസ്തർ ഇൻഡ്യയിൽ പലയിടത്തും, ഇറ്റലി, ജർമ്മനി, അമേരിക്കാ, എത്യോപ്യാ തുടങ്ങിയ രാജ്യങ്ങളിലും കോവിഡ് രോഗികൾക്ക് ഒപ്പം രാപകലെന്യേ ശുശ്രൂഷയുടെ കരങ്ങളുമായി നിന്നു. ഒറ്റപ്പെട്ട് കഴിയുന്ന വൃദ്ധജനങ്ങളുടെ ഭവനങ്ങളിൽ ഭക്ഷണസാധനങ്ങൾ എത്തിച്ചു നൽകാനും, രോഗബാധിതരായി കെയർ ഹോമുകളിലും, ഹോസ്പിറ്റലുകളുമായി കഴിയുന്ന ആളുകളെ പരിചരിക്കുവാനും, കോവിഡ് രോഗം ബാധിച്ച് മരണപ്പെട്ട കുടംബാംഗങ്ങളിൽ ധൈര്യം പകരാനും ആശ്വാസമേകുവാനും പ്രത്യേകം ശ്രദ്ധിക്കുന്നു. ഇപ്രകാരമുള്ള ശുശ്രൂഷാ മദ്ധ്യേ അവരിൽ പലരും രോഗബാധിതരായി. എന്നിട്ടും അപരനെ സ്നേഹിക്കുവാനും, അവർക്കുവേണ്ടി ജീവൻപോലും ത്യജിക്കുവാനുമുള്ള സന്നദ്ധത സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്നു പഠിപ്പിച്ച ഈശോയോടുള്ള സ്നേഹത്തിന്റെ പ്രകാശനമാണ്.



വൈദിക സമർപ്പിത ജീവിതത്തിലേക്കുള്ള ഓരോ വിളിയും ദൈവസ്നേഹം ഉൾക്കൊള്ളുവാനും, അത് സ്വന്തം ജീവിതത്തിലൂടെ പ്രകാശിതമാക്കുവാനും ഉള്ള ആഹ്വാനമാണ്. ബനഡിക്ട് 16-ാമൻ മാർപ്പാപ്പ 2012-ലെ ദൈവവിളി പ്രാർത്ഥന സന്ദേശത്തിൽ പറയുന്നു: "ഈ പ്രപഞ്ചത്തിലെ പരിപൂർണ്ണമായ ഓരോ ദാനത്തിന്റെയും ഉറവിടം സ്നേഹം തന്നെയായ ദൈവമാണ്. ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു" (1യോഹ 4: 16). ഓരോ ദൈവവിളിയും ദൈവസ്നേഹത്തിൽനിന്ന് ഉടലെടുക്കുന്നതാണ്. അത് ദൈവസ്നേഹത്തിന്റെ സമ്മാനമാണ്. പൗരോഹിത്യം, സന്ന്യാസം, വിവാഹം ഈ മൂന്നു ദൈവവിളികളും വിവേകപൂർണ്ണമായ തെരഞ്ഞെടുപ്പിലൂടെ പ്രവേശിക്കേണ്ട ജീവിതാവസ്ഥകളാണ്. ഓരോരുത്തരും താന്താങ്ങൾ തെരഞ്ഞെടുക്കുന്ന ജീവിതാവസ്ഥയിലൂടെ ഈ ദൈവസ്നേഹത്തിൽ നിലനിൽക്കുകയും, അതിൽ ആഴപ്പെടുകയും, സമൂഹത്തിൽ അത് പ്രസരിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ആയതിനാൽ ദൈവത്തിൽ ആമഗ്നരാകുവാനും, ആ സ്നേഹം സഹജർക്ക് പങ്കുവച്ചു കൊടുക്കാനും തയ്യാറുള്ള യുവതി യുവാക്കളെ കണ്ടെത്തുവാനും, പ്രോൽസാഹിപ്പിക്കാനും, അവർക്കായി ദൈവം കരുതിയിരിക്കുന്ന ജീവിതാവസ്ഥയിലേക്ക് അവരെ നയിക്കാനും, മാതാപിതാക്കൾ, വൈദികർ, സമർപ്പിതർ, വിശ്വാസ പരിശീലകർ, അദ്ധ്യാപകർ, ഭക്തസംഘടനാ ഭാരവാഹികൾ എന്നിവരെല്ലാം സർവ്വാത്മനാ പരിശ്രമിക്കേണ്ടതാണ്.

ഏറെ വെല്ലുവിളികൾ നിറഞ്ഞ ഒരു കാലയളവിൽ ദൈവത്തിന്റെ സ്നേഹം പ്രഘോഷിക്കുകയും അതിന് സാക്ഷ്യം വഹിക്കുകയും ചെയ്യുക അത്ര എളുപ്പമല്ല. സത്യത്തിനും നീതിക്കും, നന്മയ്ക്കും സാക്ഷ്യം വഹിക്കുവാൻ വിളിക്കപ്പെട്ട വൈദിക മേലദ്ധ്യക്ഷന്മാരും, പുരോഹിതരും, സമർപ്പിതരും ഇന്ന് മാധ്യമങ്ങളുടെയും, നിരീശ്വരവാദികളുടെയും ഉപഭോഗസംസ്കാരത്തിന്റെ വക്താക്കളുടെയും കണ്ണിലെ കരടായിരിക്കുകയാണ്. അസത്യങ്ങളും, അർദ്ധസത്യങ്ങളുമായ കാര്യങ്ങളെപ്പോലും വൈകാരികമായി പെരുപ്പിച്ച് കാണിച്ച്, ധാർമ്മികതയ്ക്കും, മൂല്യങ്ങൾക്കും ദൈവവിശ്വാസത്തിനും നിരക്കാത്ത ഒരു സംസ്കാരം മെനഞ്ഞെടുക്കുവാൻ, മതവിരോധികളും, മാധ്യമങ്ങളും, പ്രത്യയശാസ്ത്രങ്ങളും രാപകലെന്യേ കിണഞ്ഞ് പരിശ്രമിക്കുന്നുണ്ട്. ഈ വെല്ലുവിളികളുടെ മധ്യത്തിൽ പൗരോഹിത്യത്തിലേക്കോ, സമർപ്പിത ജീവിതത്തിലേക്കോ ദൈവം തങ്ങളെ വിളി

ക്കുന്നുണ്ടെന്ന് ബോദ്ധ്യമുള്ള കുഞ്ഞുങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുവാനും അവരുടെ വഴിയിൽ സഹായകരമായ പ്രോത്സാഹനവും, മാർഗനിർദേശവും നൽകാൻ ഉത്തരവാദിത്വപ്പെട്ടവർ പരിശ്രമിക്കണം.


കുടുംബം ദൈവവിളിയുടെ പിള്ളത്തൊട്ടിലാണെന്നും, കുടുംബങ്ങളുടെ പുഷ്പിക്കലാണ് ദൈവവിളിയെന്നും മാതാപിതാക്കൾ തിരിച്ചറിയണം (പോൾ ആറാമൻ മാർപാപ്പാ).

ദൈവവിളി പ്രോത്സാഹനാർത്ഥം സഭയിൽ ആകമാനം, സമർപ്പിത സമൂഹങ്ങളിൽ പ്രത്യേകിച്ചും നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അത്യഭിവന്ദ്യ കാതോലിക്കാബാവായേയും, അഭിവന്ദ്യ പിതാക്കന്മാരെയും, വൈദികരേയും, സന്യസ്തരേയും, അല്മായ പ്രേഷിതരേയും നന്ദിയോടെ അനുസ്മരിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ദൈവം തന്റെ കരുണയും അനുഗ്രഹങ്ങളും നിങ്ങൾ ഓരോരുത്തരുടെമേലും നമ്മുടെ സഭയുടെമേലും വർഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ പൗരോഹിത്യ-സന്യസ്ത ദൈവവിളികൾകൊണ്ട് സമ്പന്നമാകട്ടെ എന്ന് ഉള്ളുരുകി പ്രാർത്ഥിക്കാം. എല്ലാവർക്കും പെന്തിക്കോസ്തി തിരുന്നാളിന്റെ അനുഗ്രഹങ്ങൾ നേരുന്നു.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ സാമുവൽ മാർ ഐറേനിയോസ്**
ചെയർമാൻ, ദൈവവിളിക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ,
പത്തനംതിട്ട ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്താ.

16.05.2020
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B.: ഈ സർക്കുലർ ദൈവവിളി പ്രാർത്ഥനാവാരം ആരംഭിക്കുന്ന 2020 മെയ് 31, ഞായറാഴ്ച, നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കുകയും ഉചിതമായ മാർഗ്ഗങ്ങളിലൂടെ ജനങ്ങളെ അറിയിക്കുകയും ചെയ്യണം